**മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം :- നഗര – ഗ്രാമാസൂത്രണ വകുപ്പ് – മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – കൊല്ലം ജില്ല – വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് – വെളിനല്ലൂർ വില്ലേജ് – **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം** – ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.09.2019 ലെ എ 4-4676/2019 നമ്പർ കത്ത്.

2. കൊല്ലം ടൗൺ പ്ലാനറുടെ 10/10/2019 ലെ TCPKLM/759/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2445/2019 –C3** തീയതി: **13/11/2019**

---

കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വെളിനല്ലൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 84/8- ൽ ഉൾപ്പെട്ട 1942. ച.മീറ്റർ സ്ഥലത്ത് സെയിൽസ് ബിൽഡിംഗ് (39 ച.മീറ്റർ) കനോപ്പി (325. ച.മീറ്റർ) ഉൾപ്പെടെ 364. ച.മീറ്റർ വിസ്തീർണ്ണം വരുന്ന **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. അനിതാ നാസിം, Smruthy RoadVila, Cheriyavellinallor P.O, Oyoor, Kottarakkara, Kollam- 691516 ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ. 2011 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലെന്നും, നിർമ്മാണം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാലിച്ച കൊണ്ടാണ് നടത്തുന്നതെന്നും സെക്രട്ടറി ഉറപ്പാക്കണം.
2. പെട്രോൾ ടാങ്കിന്റേയും, വെന്റ് പൈപ്പിന്റേയും സ്ഥാനവും നിർമ്മാണവും നിലവിലുള്ള പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
3. പെട്രോൾ പമ്പിന്റെ ഉപയോഗം മൂലം പൊതു ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണം.
4. കെ.പി.ബി. ആർ 2011 ലെ ചട്ടം 61 (6) പ്രകാരം അഗ്നിശമന സേന ഡയറക്ടറുടെ എൻ.ഒ.സിയും 61 (9) പ്രകാരം ജില്ലാ കളക്ടറുടെ അംഗീകാരവും ലഭ്യമാക്കിയിരിക്കണം.

5. ചട്ടം 61 (16) പ്രകാരം ഖര – ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളും ചട്ടം 61 (17) പ്രകാരം ടി നിർമ്മാണത്തിന്റെ ഉപയോഗം മൂലമുണ്ടാകുന്ന മലിന ജലം ശുദ്ധീകരിച്ച് പൂർണ്ണമായും പുനരുപയോഗിക്കുന്നതിനാവശ്യമായ ശുചീകരണ വിതരണ സംവിധാനവും നൽകിയിരിക്കണം.
6. 61 (8) പ്രകാരം നൽകേണ്ട ശുചീകരണ സൗകര്യങ്ങൾ നൽകിയിരിക്കണം.
7. ടി നിർമ്മാണം സംബന്ധിച്ച് അയൽവാസികളുടെ പരാതി കൂടി പരിഗണിച്ച് മാത്രമേ നിർമ്മാണാനുമതി നൽകാവൂ . കൂടാതെ ടി പെട്രോൾ പമ്പിന്റെ നിർമ്മണമോ ഉപയോഗമോ സമീപ പ്ലോട്ടുകളിലെ കിണറടക്കമുള്ള ജല സ്രോതസ്സുകളെ മലിനമാക്കുന്നില്ലെന്ന് ഉറപ്പാക്കണം.
8. നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി. ആർ 2011 – നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
9. പബ്ലിക്ക് ഡ്രെയിനേജിലേയ്ക്ക് ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന പക്ഷം കെ.പി.ബി.ആർ 61 (5) പ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും കേരള വാട്ടർ അതോറിറ്റിയുടേയും മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **134/2019** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം:- ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
വെളിയനല്ലൂർ ഗ്രാമപഞ്ചായത്ത്,കൊല്ലം

<u>പകർപ്പ്:-</u>

1. ശ്രീമതി. അനിതാ നാസിം, Smruthy RoadVila, Cheriyavellinallor. P.O. Oyoor, Kottarakkara, Kollam-691516
2. ടൗൺ പ്ലാനർ, കൊല്ലം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം